# അവിടെ പുനരാലോചന, ഇവിടെ പിൻമടക്കം

വിശകലനം

ഫഹ്മീ ഹുവൈദി

**വലിയ** മാറ്റങ്ങൾക്കും പുനരാലോചനകൾക്കും സാക്ഷ്യംവഹിച്ചുകൊണ്ടിരിക്കുകയാണ് ലോകം. അമേരിക്കൻ സമ്പദ്ഘടന തകർന്നടിഞ്ഞതോടെ അതിന് ലോകകമ്പോളത്തിലുണ്ടായിരുന്ന മേധാവിത്വം നഷ്ടപ്പെട്ടു. ഇത് മുതലാളിത്ത സമ്പദ്ഘടനയിലും ലിബറൽ ചിന്താവൃത്തങ്ങളിലും പുതിയ അന്വേഷണങ്ങൾക്ക് വഴി തുറന്നിരിക്കുകയാണ്. സാമ്പത്തിക പ്രവർത്തനത്തിൽ ഗവൺമെന്റ് ഇടപെടണം, പൊതുമേഖലക്ക് തന്നെയാണ് പ്രാധാന്യം തുടങ്ങിയ ചിന്തകൾക്ക് പുതുജീവൻ ലഭിച്ചുകൊണ്ടിരിക്കുന്നു.

1919ൽ അമേരിക്കയിലുണ്ടായ സാമ്പത്തിക മാന്ദ്യത്തോടാണ് ഇതിനെ തുലനംചെയ്യുന്നത്. മാർക്സിന്റെ *മൂലധനം* പോലുള്ള കൃതികളും പുനരാലോചനാ ചർച്ചകളിൽ കടന്നുവരുന്നുണ്ട്.

> തങ്ങളുടെ താൽപര്യങ്ങൾക്ക് എതിരുനിൽക്കുന്ന ചെറുത്തുനിൽപ് സംഘങ്ങളെ തകർക്കുക എന്നതായിരുന്നു ബുഷ് ഭരണകൂടം ഭീകരതാവിരുദ്ധ യുദ്ധം കൊണ്ട് മുഖ്യമായും ലക്ഷ്യമിട്ടിരുന്നത്. അവയെ തകർക്കാനായില്ലെന്നു മാത്രമല്ല, അവയുമായി അമേരിക്ക സന്ധിചെയ്യാൻ ഒരുങ്ങുകയുമാണ്. അഫ്ഗാനിലെ താലിബാൻ, ഇറാഖിലെ സായുധ ചെറുത്തുനിൽപ് പ്രസ്ഥാനങ്ങൾ, സോമാലിയയിലെ ഇസ്‌ലാമിക് കോർട്ട്സ് എന്നിവ ഉദാഹരണം.

രാഷ്ട്രീയ പുനരാലോചനകളിൽ അറബ് ലോകത്തെ നേരിട്ട് ബാധിക്കുന്നവയും ഉണ്ട്. മുഖ്യമായും എണ്ണ പ്രശ്നം തന്നെ. ഇറക്കുമതി ചെയ്യുന്ന എണ്ണയെ ആശ്രയിച്ച് എത്രകാലം ഇങ്ങനെ തുടരാനാവും എന്നാണ് അമേരിക്കയിലെ സാമ്പത്തിക വിദഗ്ധർ നടത്തുന്ന കാര്യമായൊരു ചർച്ച. ഈ വർഷം മധ്യത്തിൽ അമേരിക്കൻ പൗരന് താങ്ങാനാവുന്നതിലപ്പുറമായി എണ്ണയുടെ വില വർധിച്ചിരുന്നു. ഓരോ ദിവസവും അമേരിക്ക കത്തിച്ചുകളയുന്നത് ഇരുപത് മില്യൻ ടൺ ബാരൽ എണ്ണയാണ്. ഇതിൽ പന്ത്രണ്ട് മില്യനും ഇറക്കുമതിയാണ്. ഈ വർഷം മധ്യത്തിൽ പുറത്തുവിട്ട കണക്ക് പ്രകാരം, എണ്ണ വാങ്ങിയ ഇനത്തിൽ ഓരോ ദിവസവും അമേരിക്ക പെട്രോൾ കയറ്റുമതി രാജ്യങ്ങൾക്ക് നൽകുന്നത് ഒരു ബില്യൻ മുന്നൂറ് മില്യൻ ഡോളറാണ്. അതായത് വർഷത്തിൽ 475 ബില്യൻ ഡോളർ. ഇപ്പോഴത്തെ പ്രതിസന്ധി ഏതാനും വർഷങ്ങൾ കൂടി തുടരുമെന്നതിനാൽ, ഈ നിലയിൽ മുന്നോട്ട് പോകാനാവില്ലെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു. ഇറക്കുമതി എണ്ണയെ അമിതമായി ആശ്രയിക്കുന്നത് നിർത്തണം എന്നാണ് നിർദേശം (എണ്ണ നിക്ഷേപം തന്നെ ഒന്നോ രണ്ടോ പതിറ്റാണ്ടുകൾക്കകം ഇല്ലാതാവുമെന്നത് വേറെ കാര്യം). എണ്ണ കയറ്റുമതി ചെയ്യുന്ന പല രാഷ്ട്രങ്ങളെയും അവരിൽനിന്ന് എണ്ണ വില കൊടുത്ത് വാങ്ങി അമേരിക്ക വൻ സാമ്പത്തിക ശക്തികളാക്കിയിട്ടുണ്ടെന്നും, അവരിപ്പോൾ അമേരിക്കൻ മേധാവിത്വത്തെ വെല്ലുവിളിക്കുകയാണെന്നും ഈ സാമ്പത്തിക വിദഗ്ധർ കുറ്റപ്പെടുത്തുന്നു. റഷ്യ, വെനുസ്വല, ഇറാൻ പോലുള്ള രാഷ്ട്രങ്ങൾ ഉദാഹരണം. അമേരിക്കൻ വിദേശനയങ്ങൾ അപഗ്രഥിക്കുന്ന *ഫോറിൻ അഫയേഴ്സ്* എന്ന പത്രത്തിന്റെ 2008 സെപ്റ്റംബർ ആദ്യലക്കത്തിൽ ഇത് സംബന്ധമായ ഒരു ലേഖനമുണ്ട്, അമേരിക്കൻ നയതന്ത്രവിദഗ്ധനായ റിച്ചാർഡ് ഹാൾബ്രൂക്കിന്റെ.

മുൻ അമേരിക്കൻ രാജ്യരക്ഷാ ഉപ

സെക്രട്ടറിയും അമേരിക്കൻ ദേശസുരക്ഷാ ഉപദേശകസമിതിയുടെ ചെയർമാനുമായ പോൾ വുൾഫോവിറ്റ്സിന്റെ ഒരു പഠനം ഈ നൂറ്റാണ്ടിൽ അമേരിക്കയുടെ യഥാർഥ ഭീഷണി ചൈനയാണ് എന്ന് സമർഥിക്കുന്നു. ചൈനയുടെ വൻ സൈനിക ബജറ്റും ആയുധ നവീകരണവും ആണവായുധങ്ങളുടെ ശേഖരവും തെളിവായി ചൂണ്ടിക്കാട്ടുന്നു. ചൈന അതിന്റെ അതിർത്തികൾക്ക് പുറത്തും സൈനിക താവളങ്ങൾ ഉണ്ടാക്കുന്നതായി റിപ്പോർട്ട് വെളിപ്പെടുത്തുന്നു. ചൈന ഒരു വൻ സാമ്പത്തികശക്തിയായിട്ടുണ്ടെന്നത് ഭീഷണിയുടെ ഗൗരവം വർധിപ്പിക്കുന്നു.

ഇറാഖ് യുദ്ധത്തിന്റെ സൂത്രധാരകരിൽ ഒരാളാണ് ചൈനയെ പുതിയ 'ഭീഷണി' ആയി ചിത്രീകരിക്കുന്നത്. അതിനർഥം അമേരിക്കൻ വിദേശനയത്തിന്റെ മുൻഗണനാ ക്രമങ്ങളിൽ വലിയ മാറ്റം ഉണ്ടാവുമെന്നുതന്നെയാണ്. ഇറാഖ്, അഫ്ഗാൻ പ്രശ്നത്തിലെ യു.എസ്സിന്റെയും യൂറോപ്പിന്റെയും പുതിയ ചർച്ചകൾ ശ്രദ്ധിച്ചാൽ ഭീകരതാവിരുദ്ധ യുദ്ധമായിരിക്കില്ല പാശ്ചാത്യ രാഷ്ട്രങ്ങളുടെ ഇനിയത്തെ അജണ്ടയിൽ ഒന്നാം സ്ഥാനത്തുണ്ടാവുക എന്നാണ് മനസ്സിലാവുന്നത്. പാശ്ചാത്യ തലസ്ഥാനങ്ങളിലെ പുനരാലോചനകൾ നൽകുന്ന സൂചന അതാണ്.

**ഇറാഖ് യുദ്ധത്തിന്റെ സൂത്രധാരകരിൽ ഒരാളാണ് ചൈനയെ പുതിയ 'ഭീഷണി' ആയി ചിത്രീകരിക്കുന്നത്. അതിനർഥം അമേരിക്കൻ വിദേശനയത്തിന്റെ മുൻഗണനാ ക്രമങ്ങളിൽ വലിയ മാറ്റം ഉണ്ടാവുമെന്നുതന്നെയാണ്.**

ഈ വർഷം കണ്ട പ്രകടമായ ഒരു മാറ്റം, റഷ്യ അതിന്റെ പഴയ റോളിലേക്ക് തിരിച്ചെത്തിക്കൊണ്ടിരിക്കുന്നു എന്നതാണ്. സോവിയറ്റ് യൂനിയന്റെ തകർച്ചക്ക് ശേഷം അത് ഏറെക്കുറെ വനവാസത്തിലായിരുന്നു. സായുധസേനകളുടെ വിപുലമായ നവീകരണം, അമേരിക്കൻ പ്രതിരോധങ്ങളെ തകർക്കാൻ കെൽപുള്ള വിദൂര മിസൈലുകളുടെ നിർമാണം എന്നിവ തിരിച്ചുവരവിന്റെ സൂചനകളാണ്. ജോർജിയയെ പാഠം പഠിപ്പിച്ചതും റഷ്യ- വെനുസ്വല സൈനികാഭ്യാസ പ്രദർശനങ്ങൾക്ക് വേദിയൊരുക്കിയതുമാണ് മറ്റു ചില സൂചനകൾ. കാര്യങ്ങൾ നടപ്പാക്കപ്പെടുക പഴയതുപോലെ ഏകപക്ഷീയമായിരിക്കില്ല എന്നതിന്റെ സൂചനകളായി ഇവയെ കാണാമെന്ന് തോന്നുന്നു.

നാം പറഞ്ഞുവന്നത് ആഗോള സാമ്പത്തികപ്രതിസന്ധി രാഷ്ട്രീയ നയങ്ങളിലും അന്താരാഷ്ട്ര ശാക്തിക സംതുലനത്തിലും ഉണ്ടാക്കാനിടയുള്ള മാറ്റങ്ങളെക്കുറിച്ചാണ്. എന്നാൽ ഒരു മാറ്റവും കാണപ്പെടാത്ത ഒരു ഭൂപ്രദേശമുണ്ട്- അറബ്ലോകം. അമേരിക്ക മുമ്പത്തെപ്പോലെ ഇപ്പോഴും അതിനെ അടുക്കളത്തോട്ടമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. അമേരിക്കൻ തിട്ടൂരങ്ങൾക്കെതിരെ യാതൊരു ചെറുത്തുനിൽപ്പും അവിടെനിന്ന് ഉയരുന്നില്ല. സർവത്ര അമേരിക്കൻ വിധേയത്വം. ദമസ്കസിലെ അറബ് ഉച്ചകോടിയിൽ അത് തെളിഞ്ഞു കണ്ടു. സമ്മേളനത്തിൽ ഏതൊക്കെ രാഷ്ട്രങ്ങൾ പങ്കെടുക്കണം എന്നുവരെ അമേരിക്ക തീരുമാനിക്കുകയായിരുന്നു.

തങ്ങളുടെ താൽപര്യങ്ങൾക്ക് എതിരുനിൽക്കുന്ന ചെറുത്തുനിൽപ് സംഘങ്ങളെ തകർക്കുക എന്നതായിരുന്നു ബുഷ് ഭരണകൂടം ഭീകരതാവിരുദ്ധ യുദ്ധം കൊണ്ട് മുഖ്യമായും ലക്ഷ്യമിട്ടിരുന്നത്. അവയെ തകർക്കാനായില്ലെന്നു മാത്രമല്ല, അവയുമായി അമേരിക്ക സന്ധിചെയ്യാൻ ഒരുങ്ങുകയുമാണ്. അഫ്ഗാനിലെ താലിബാൻ, ഇറാഖിലെ സായുധ ചെറുത്തുനിൽപ് പ്രസ്ഥാനങ്ങൾ, സോമാലിയയിലെ ഇസ്ലാമിക് കോർട്ട്സ് എന്നിവ ഉദാഹരണം. അമേരിക്കയിൽ നിന്ന് ഫലസ്തീനിലെ ഹമാസിന് വാക്കാൽ ലഭിച്ച ഒരു സന്ദേശം സന്ധിചെയ്യലിന്റെ മറ്റൊരു ഉദാഹരണമാണ്.

അതേസമയം, അറബ്-ഇസ്രയേൽ സംഘർഷത്തിലെ അമേരിക്കൻ നിലപാടിൽ അടിസ്ഥാന മാറ്റമൊന്നും പ്രതീക്ഷിക്കേണ്ടതില്ല. രീതികളിൽ മാത്രമാണ് മാറ്റമുണ്ടാവുക. ഒബാമ പക്ഷക്കാരായ ചില ഉന്നതർ ഈ വർഷം ആദ്യത്തിൽ ചില അറബ് തലസ്ഥാനങ്ങൾ സന്ദർശിക്കുകയും ഈ സന്ദേശം കൈമാറുകയും ചെയ്തിട്ടുണ്ട്.

അറബ്ലോകത്തിന്റെ ആഭ്യന്തര-വൈദേശിക മണ്ഡലങ്ങളിലൊന്നും പുനരാലോചനകൾ കടന്നുവന്നതിന്റെ യാതൊരു തെളിവുമില്ല. എല്ലാം മുമ്പത്തെപ്പോലെ മരവിച്ചും നിർജീവമായും കിടക്കുന്നു. പുനരാലോചനകൾ വരുന്നത് ശൂന്യതയിൽനിന്നല്ല; സമൂഹശരീരത്തിലെ ജീവനുള്ള കോശങ്ങളുടെ പ്രവർത്തനഫലമായാണ്. പ്രതിസന്ധികളെ അതിജീവിച്ച് മുന്നോട്ടു പോകാൻ സമൂഹത്തെ പ്രാപ്തമാക്കുന്നത് ഈ ജീവനുള്ള കോശങ്ങളാണ്. കിട്ടിയ അടി അവസരമാക്കി മാറ്റുക എന്നതാണ് ചൈനക്കാർ പറയാറ്. ഇതൊക്കെ കാണുമ്പോഴാണ്, ലോകസമ്പദ്ഘടനയുടെ തകർച്ച കണ്ട് കൈയടിക്കുന്നവരുടെ കൂടെ എനിക്ക് ചേരാൻ കഴിയാത്തത്. ഇപ്പോഴത്തെ പ്രതിസന്ധി അതിജീവിക്കാനുള്ള കെൽപ് പാശ്ചാത്യ സമൂഹങ്ങൾക്ക് ഉണ്ട് എന്ന് ഞാൻ കരുതുന്നു. നീന്തൽ അറിയുന്നവർക്ക് മുങ്ങിപ്പോകുമെന്ന് പേടിക്കേണ്ടതില്ല. അറബികളും പാശ്ചാത്യരും തമ്മിലുള്ള വ്യത്യാസം, അറബികൾക്ക് നീന്തൽ അറിഞ്ഞുകൂടാ എന്നതാണ്. നീന്തൽ പഠിക്കാൻ ഉദ്ദേശിക്കുന്നുമില്ല. ഈജിപ്ഷ്യൻ പഴമൊഴിയിൽ പറയുന്ന പോലെ, അവർക്ക് മുങ്ങിമരിക്കാൻ ഒരു ചാൺ വെള്ളം മതി. മറ്റുള്ളവരുടെ പതനത്തിലാണ് തങ്ങളുടെ വിജയം എന്ന് കരുതുന്നവരാണ് യഥാർഥത്തിൽ തോറ്റ സമൂഹം. തങ്ങളുടെ ഭാഗധേയം മെച്ചപ്പെടുന്നതിന് അവർ അത്ഭുതങ്ങൾക്ക് കാതോർക്കുകയാണ്. ദുർബലരും പാപ്പരുമായവരുടെ ദുർവിധിയാണിത്. ■